ലിൻഡ യാക്കറിനോ ട്വിറ്റർ സിഇഒ

കലിഫോർണിയ

ലിൻഡ

ട്വിറ്ററിന്റെ പുതിയ സിഇഒ ആയി ലിൻഡ യാക്കറിനോയെ നിയമിച്ചെന്ന് ഇലോൺ മസ്ക്. എൻബിസി യൂണിവേഴ്സൽ അഡ്വർടൈസിങ് മേധാവിയായിരുന്നു ലിൻഡ. കമ്പനിയുടെ ചീഫ് ടെക്നോളജി ഓഫിസർ സ്ഥാനത്തേക്ക് താൻ മാറുമെന്നും മസ്ക് അറിയിച്ചു. ഡിസംബറിൽ നടത്തിയ ട്വിറ്റർ പോളിൽ 57.5 ശതമാനം പേരും മസ്ക് സ്ഥാനം ഒഴിയണമെന്നാണ് ആവശ്യപ്പെട്ടത്.

കഴിഞ്ഞ ഒക്ടോബറിലാണ് 4400 കോടി ഡോളർ മുടക്കി മസ്ക് ട്വിറ്റർ വാങ്ങിയത്. തുടർന്നുണ്ടായ പരിഷ്കാരങ്ങളും കൂട്ടപ്പിരിച്ചുവിടലും വൻ വിവാദമായിരുന്നു.

ഡോ. വന്ദന ദാസ്

അച്ഛനെയും കുടുംബാംഗങ്ങളെയും ആശ്വസിപ്പിച്ച് എം വി ഗോവിന്ദൻ

മുട്ടുചിറ (കോട്ടയം)

ഡോ. വന്ദന ദാസിന്റെ അച്ഛനെയും കുടുംബാംഗങ്ങളെയും ആശ്വസിപ്പിക്കാൻ സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദനും മറ്റ് നേതാക്കളും മുട്ടുചിറയിലെ വസതിയിലെത്തി. വെള്ളി വൈകിട്ട് നാലരയോടെ വീട്ടിലെത്തിയ അദ്ദേഹം 15 മിനിറ്റോളം ചെലവഴിച്ച് കുടുംബാംഗങ്ങളുമായി വേദന പങ്കുവച്ചു. സംസ്ഥാന സെക്രട്ടറിയറ്റംഗം കെ കെ ജയചന്ദ്രൻ, ജില്ലാ സെക്രട്ടറി എ വി റസൽ, സെക്രട്ടറിയറ്റംഗം സി ജെ ജോസഫ്, ജില്ലാ കമ്മിറ്റി അംഗങ്ങളായ പി വി സുനിൽ, ജെയ്ക് സി തോമസ്, ഏരിയ സെക്രട്ടറി കെ ജയകൃഷ്ണൻ എന്നിവരും ഒപ്പമുണ്ടായി.

ഡോ വന്ദന ദാസിന്റെ കോട്ടയം മുട്ടുച്ചിറയിലെ വീട്ടിൽ എത്തിയ സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ അച്ഛൻ മോഹൻദാസിനെ ആശ്വസിപ്പിക്കുന്നു. സംസ്ഥാന സെക്രട്ടറിയറ്റ് അംഗം കെ കെ ജയചന്ദ്രൻ, കോട്ടയം ജില്ലാ സെക്രട്ടറി എ വി റസൽ എന്നിവർ സമീപം

വസതിയിലെത്തി കാതോലിക്ക ബാവായും നേതാക്കളും

ഡോ. വന്ദന ദാസിന്റെ കുടുംബത്തെ ആശ്വസിപ്പിക്കാൻ മന്ത്രിമാരും കൂടുതൽ നേതാക്കളും മുട്ടുചിറയിലെ വസതിയിലെത്തി. കാതോലിക്ക ബാവാ മാർ ബസേലിയസ് മാർത്തോമാ മാത്യൂസ് തൃതീയൻ, മന്ത്രി സജി ചെറിയാൻ, സിപിഐ എം കേന്ദ്രകമ്മിറ്റിയംഗവും മുൻ ആരോഗ്യമന്ത്രിയുമായ കെ കെ ശൈലജ, വനിതാ കമീഷൻ അധ്യക്ഷ പി സതീദേവി, എം എം ആരിഫ് എംപി, ജില്ലാ സെക്രട്ടറിയറ്റംഗം അഡ്വ. പി കെ ഹരികുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ വി ബിന്ദു, മഹിളാ അസോസിയേഷൻ ജില്ലാ സെക്രട്ടറി അഡ്വ. ഷീജ അനിൽ എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, ഗവ. ചീഫ് വിപ്പ് ഡോ. എൻ ജയരാജ് തുടങ്ങിയവർ വീട്ടിലെത്തി കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ചു.

സിപിഐ എം കേന്ദ്ര കമ്മിറ്റിയംഗം കെ കെ ശൈലജ, കാതോലിക്ക ബാവാ മാർ ബസേലിയസ് മാർത്തോമാ മാത്യൂസ് തൃതീയൻ എന്നിവർ ഡോ. വന്ദന ദാസിന്റെ വീട്ടിലെത്തി അച്ഛനെയും കുടുംബാംഗങ്ങളെയും ആശ്വസിപ്പിക്കുന്നു

അന്താരാഷ്ട്ര നഴ്സസ് ദിനാചരണ ഉദ്ഘാടനത്തിന് എകെജി ഹാളിലെത്തിയ മന്ത്രി വീണാ ജോർജ് ഡോ. വന്ദന ദാസിന്റെ ചിത്രത്തിന് മുന്നിൽ ദീപം തെളിക്കുന്നു

കർഷക കോൺഗ്രസ്

സുധാകരൻ വിളിച്ച യോഗം സതീശൻ ഗ്രൂപ്പ് ബഹിഷ്കരിച്ചു

സ്വന്തം ലേഖകൻ

തിരുവനന്തപുരം

കർഷകകോൺഗ്രസ് ഭാരവാഹികളെ നോമിനേറ്റ് ചെയ്തതു സംബന്ധിച്ച് രൂക്ഷമായ തർക്കം നിലനിൽക്കുന്നതിനിടെ വെള്ളിയാഴ്ച കെപിസിസി അധ്യക്ഷൻ കെ സുധാകരൻ വിളിച്ചുചേർത്ത യോഗത്തിൽ ഭാരവാഹികൾ ചുമതലയേറ്റു. സുധാകരൻ ഏകപക്ഷീയമായി ഭാരവാഹികളെ നിശ്ചയിച്ചതിൽ പ്രതിഷേധമുള്ള വി ഡി സതീശൻ വിഭാഗക്കാർ യോഗം ബഹിഷ്കരിച്ചു. ക്രിമിനൽ കേസിലെ പ്രതിയായ ആളെ ഭാരവാഹിസ്ഥാനത്തേക്ക് കൊണ്ടുവരികയും യോഗത്തിൽ സ്വീകരണം നൽകുകയും ചെയ്തതിനെതിരെയും ഇവർ പ്രതിഷേധം അറിയിച്ചു.

മാരായമുട്ടം എം എസ് അനിൽ, അഡ്വ. സുരേഷ് കോശി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ഒരു വിഭാഗം ബഹിഷ്കരണവും പ്രതിഷേധവും തുടരുന്നത്. തങ്ങളുടെ ആവശ്യം അംഗീകരിക്കുംവരെ ബഹിഷ്കരണം തുടരുമെന്നാണ് ഇവർ നേതൃത്വത്തെ അറിയിച്ചിട്ടുള്ളത്. പീഡന പരാതിയിൽ അന്വേഷണം നേരിടുന്ന ജനറൽ സെക്രട്ടറി അമ്പുവൈദ്യനെ സുധാകരന്റെ സാന്നിധ്യത്തിൽ സ്വീകരിച്ചത് ശരിയായില്ലെന്നാണ് ആക്ഷേപം. അപമര്യാദയായി പെരുമാറിയെന്ന് മഹിളാ കോൺഗ്രസ് നേതാവാണ് പൊലീസിൽ പരാതി നൽകിയത്. ഡൽഹിയിൽ വച്ചാണ് സംഭവം നടന്നത്. കെ സുധാകരനും വി ഡി സതീശനും പരാതി നൽകിയിട്ടും നീതി കിട്ടിയില്ലെന്ന് പരാതിക്കാരി നേരത്തേ മാധ്യമങ്ങളോട് പറഞ്ഞിരുന്നു.

എന്നാൽ, ക്രിമിനൽ കേസിനെ നേരിടുന്നത് ബഹിഷ്കരിക്കുന്നവർ തന്നെയാണെന്ന് ചുമതലയേറ്റ പുതിയ ഭാരവാഹികൾ ആരോപിക്കുന്നു.

സഹകരണ ബാങ്കിൽനിന്ന് ലക്ഷങ്ങൾ മുക്കിയവരാണ് കേസിനെക്കുറിച്ച് പറയുന്നത്. കൂടെ ആളില്ലാത്തവരാണ് ബഹിഷ്കരണക്കാർ. മൂന്നു യോഗംവരെ കാക്കുമെന്നും അതിനുശേഷം പുറത്താക്കുമെന്നും ഔദ്യോഗിക വിഭാഗക്കാർ പറഞ്ഞു.

സംവാദതീഷ്ണതയിൽ സാഹിത്യോത്സവത്തിന് തുടക്കം

സ്വന്തം ലേഖകൻ

ഫോർട്ട് കൊച്ചി

തിരതുള്ളുന്ന കടലിന് അഭിമുഖമായി മൂന്ന് വേദികൾ, വിഷയ വൈവിധ്യത്താൽ സമ്പന്നമായ സംവാദസദസ്സുകൾ, പ്രമുഖ എഴുത്തുകാർമുതൽ സാഹിത്യ വിദ്യാർഥികൾവരെ സന്നിഹിതരായ നിറഞ്ഞ സദസ്സ്. ഫോർട്ട് കൊച്ചിയിൽ കൊടിയേറിയ യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ ആദ്യദിനം സാഹിത്യ–രാഷ്ട്രീയ സംവാദങ്ങളുടെ യൗവനതീഷ്ണതയാൽ ജ്വലിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു.

ഇന്ത്യൻ രാഷ്ട്രീയാവസ്ഥകൾമുതൽ സമൂഹമാധ്യമങ്ങളിലെ സാഹിത്യമെഴുത്തുകളിലേക്കും പുസ്തക കൗതുകങ്ങളിലേക്കുവരെ നീളുന്ന ആഴവും പരപ്പുമുള്ള വിഷയങ്ങളിലാണ് ചർച്ചയും സംവാദവും. വേദികളിൽ വിചാരങ്ങൾക്ക് തീപിടിപ്പിച്ച് രാഷ്ട്രീയ–ഭരണ നേതൃത്വംമുതൽ തലയെടുപ്പുള്ള എഴുത്തുകാരും എഴുത്തിലെ പുത്തൻകൂറ്റുകാരുംവരെ. അവരുടെ അഭിപ്രായങ്ങളോട് യോജിച്ചും കലഹിച്ചും സദസ്സിന്റെ സർഗാത്മക ഇടപെടലുകൾ. ഇംഗ്ലീഷ്, മലയാളം പുസ്തകങ്ങളുടെ വിപുലമായ പ്രദർശന–വിൽപ്പന ശാലയും വേദിക്കുസമീപമുണ്ട്.

പെരിയാർ, മുസിരിസ്, കൊച്ചി എന്നിങ്ങനെ മൂന്നുവേദികളിലായി 24 വ്യത്യസ്ത സെഷനുകളാണ് ആദ്യനാൾ അരങ്ങേറിയത്. 'ഒളിച്ചുകടത്തുന്ന വിദ്വേഷം: ഇന്ത്യൻ അവസ്ഥകൾ' സമകാല രാഷ്ട്രീയ ചർച്ചയോടെയാണ് ഒന്നാംവേദി ഉണർന്നത്. എ എ റഹിം എംപിയും സംവിധായകൻ ആഷിഖ് അബുവും ചർച്ചകളെ ചൂടുപിടിപ്പിച്ചു. ബുക്കർ പ്രൈസ് ജേത്രി ഗീതാഞ്ജലി ശ്രീ എഴുത്തിന്റെ പിന്നാമ്പുറങ്ങളിലെ ജീവിതാനുഭവങ്ങളിലൂടെയാണ് സഞ്ചരിച്ചത്. 'ആർക്കറിയാം കരുണൻ പൂച്ചയെ' ചർച്ചയിൽ സക്കറിയ തന്റെ പൂച്ചക്കഥകളിൽനിന്ന് പുറത്തുചാടുന്ന രാഷ്ട്രീയത്തെ തുറന്നുകാട്ടി. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അപകടങ്ങളെ ചൂണ്ടിക്കാണിച്ചുള്ള ചർച്ചയിൽ ഉന്നതവിദ്യാഭ്യാസമന്ത്രി ആർ ബിന്ദു, ഡോ. വി ശിവദാസൻ എംപി എന്നിവർ നിരന്നു. എഴുത്തുകാരൻ ജി ആർ ഇന്ദുഗോപനും നാടുകാരനായ കഥാപാത്രം മണിയൻപിള്ളയും വേദിയിൽ ഒന്നിച്ചത് പുതുമയായി.

സമൂഹമാധ്യമകാലത്തെ നിരൂപണം, മലയാള നോവൽ, കഥ, കവിത എന്നിവയുടെ സമകാലാവസ്ഥകളിലേക്കും ചർച്ചകൾ നീണ്ടു. കെ എൻ ഗണേഷ്, ടി ഡി രാമകൃഷ്ണൻ, പി എൻ ഗോപീകൃഷ്ണൻ, കെ പി രാമനുണ്ണി, അൻവർ അലി, ചിന്ത ജെറോം, മറാത്തി എഴുത്തുകാരൻ ലക്ഷ്മൺ ഗെയ്ക്വാഡ് തുടങ്ങിയ പ്രമുഖർ വിവിധ ചർച്ചകളിൽ പങ്കെടുത്തു. എഴുത്തുകാരൻ ബെന്യാമിനാണ് ഫെസ്റ്റിവൽ ഡയറക്ടർ.

എഴുതാനും പോരാടേണ്ട കാലം: മുഖ്യമന്ത്രി

പ്രത്യേക ലേഖകൻ

കൊച്ചി

എഴുതാനും വായിക്കാനും ആവിഷ്കാരസ്വാതന്ത്ര്യത്തിനുംവേണ്ടി പോലും എഴുത്തുകാരും കലാപ്രവർത്തകരും സംഘടിതപോരാട്ടം നടത്തേണ്ട സാഹചര്യമാണ് രാജ്യത്തുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഫാസിസം സ്വാതന്ത്ര്യത്തിനുമേൽ പിടിമുറുക്കുമ്പോൾ ഭാവനയും പ്രതിഭയും ഉണ്ടായാൽമാത്രം പോരാ അത് ആവിഷ്കരിക്കാൻ ആവശ്യമായ സ്വാതന്ത്ര്യത്തിനുവേണ്ടി സംഘംചേർന്ന് പോരാടേണ്ടിവന്നിരിക്കുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഫോർട്ട് കൊച്ചിയിൽ യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

അടുത്തകാലത്ത് എംപിമാർക്കുപോലും ലേഖനമെഴുതാൻ സ്വതന്ത്ര്യമില്ലാത്ത അവസ്ഥ നാം കണ്ടു. സ്വാതന്ത്ര്യം തടയാൻ ദേശീയ സാംസ്കാരിക സ്ഥാപനങ്ങളിലെല്ലാം നാമനിർദേശം ചെയ്യപ്പെട്ട ഭരണസമിതികളാക്കാൻ ശ്രമിക്കുന്നു. കാവിവൽക്കരണത്തിനെതിരായ ചെറുത്തുനിൽപ്പിൽ സി രാധാകൃഷ്ണനെപ്പോലുള്ള എഴുത്തുകാരന് കേന്ദ്ര സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് മത്സരത്തിൽ പരാജയമുണ്ടായി. എങ്കിലും ഒരുകാലത്ത് ജവാഹർലാൽ നെഹ്റു അധ്യക്ഷപദവി അലങ്കരിച്ച അക്കാദമി പൂർണമായി കൈയടക്കാൻ സംഘപരിവാറിന് കഴിഞ്ഞിട്ടില്ല. അതേസമയം എൻബിടി, ദേശീയ ചരിത്ര ഗവേഷണ കൗൺസിൽ, എൻസിഇആർടി എന്നീ സ്ഥാപനങ്ങൾക്കുമേൽ നിയന്ത്രണം പൂർണമാക്കിക്കഴിഞ്ഞു.

ആവിഷ്കാരസ്വാതന്ത്ര്യം രാജ്യത്തിന്റെ സ്വാതന്ത്ര്യവും ജനാധിപത്യവും മതനിരപേക്ഷതയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവാണ് ഈ അവസ്ഥയിൽ പ്രധാനം. എഴുത്തുകാരനുമാത്രമായി സ്വാതന്ത്ര്യമില്ല, രാജ്യത്തിന്റെ പൊതുസ്വാതന്ത്ര്യവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു.

കേരളത്തെ ഇന്നത്തെ കേരളമാക്കി മാറ്റിയതിനുപിന്നിൽ മണ്ണിന്റെയും മനുഷ്യന്റെയും ജീവിതകഥകൾ പറഞ്ഞ സാഹിത്യം വഹിച്ച പങ്ക് പുതുതലമുറ മറക്കരുത്. മഹാന്മാരായ എഴുത്തുകാരുടെ രചനകളും സാമൂഹ്യമാറ്റത്തിന് ചാലകശക്തികളായി. സാഹിത്യം രാജാക്കൻമാരെക്കുറിച്ചുള്ള വിവരണംമാത്രമല്ലെന്ന് തെളിയിച്ച് ചാത്തനും ചിരുതയുമുൾപ്പെടെയുള്ള സാധാരണ മനുഷ്യരും കഥാപാത്രങ്ങളായി. അന്നത്തെ കാലഘട്ടത്തേക്കാൾ സങ്കീർണ ജീവിതസാഹചര്യങ്ങൾ ഉണ്ടായിട്ടും അതുപോലുള്ള കഥാപാത്രങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന ചോദ്യത്തിന് പുതുതലമുറ ഉത്തരം കണ്ടെത്തണം. ഡിജിറ്റൽ മീഡിയയുടെകൂടി സഹായത്തോടെ ഇന്ന് രചനകളുടെ എണ്ണത്തിലും പ്രചാരത്തിലും മുന്നേറ്റമുണ്ടാകുമ്പോൾ ഗുണത്തിൽ ആ മുന്നേറ്റമുണ്ടോ എന്ന ചോദ്യവും അവർക്കുവിടുന്നു. സാമൂഹ്യമുന്നേറ്റത്തിന് സഹായകമായ മാനവിക മൂല്യമുള്ള രചനകൾ കൂടുതൽ ഉണ്ടാകേണ്ട കാലത്ത് നിങ്ങൾ ഏതുപക്ഷത്ത് എന്ന് ഓരോരുത്തരും ചോദിക്കേണ്ട കാലമാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.

യുവതയോട് സംവദിച്ച് കേരളത്തിന്റെ നായകൻ

സ്വന്തം ലേഖകൻ

കൊച്ചി

സമകാലിക വിഷയങ്ങളിൽ കേരളത്തിന്റെ യുവമനസ്സുകളോട് സംവദിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തശേഷം യുവാക്കളുമായി സംവാദത്തിലും പങ്കെടുത്താണ് അദ്ദേഹം മടങ്ങിയത്. ചോദ്യങ്ങൾക്ക് കേരളത്തിന്റെ നായകൻ മറുപടി നൽകിയപ്പോൾ സദസ്സിൽനിന്ന് നിറഞ്ഞ കൈയടി.

'ദ കേരള സ്റ്റോറി' സിനിമയെക്കുറിച്ചുള്ള ചോദ്യത്തിന്, കേരളത്തെ അറിയുന്നവരും മനസ്സിലാക്കിയവരും യഥാർഥ കേരളത്തിന്റെ കഥ ഇതല്ലെന്നാണ് വിലയിരുത്തിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംഘപരിവാറാണ് സിനിമയ്ക്ക് പ്രോത്സാഹനം നൽകിയ ശക്തി. സമൂഹത്തെ വിഭജിക്കാൻ ഈ ശക്തികൾ സ്വീകരിക്കുന്ന മാർഗങ്ങളിലൊന്നാണ് ഈ സിനിമ. എങ്ങനെ ജനങ്ങളെ ഭിന്നിപ്പിക്കാമെന്നാണ് അവർ നോക്കുന്നത്. ഒരുമയും ഐക്യവും നിലനിൽക്കുന്ന കേരളത്തെ പ്രത്യേക അറകളാക്കി ജനങ്ങളുടെ മനസ്സിൽ വെറുപ്പും വിദ്വേഷവും സൃഷ്ടിക്കാനാണ് സംഘപരിവാർ ശ്രമം.

കേരളത്തിന്റെ മനസ്സുമാറ്റാനാകുമോ എന്ന പല പരീക്ഷണങ്ങളും നടത്തി. എന്നിട്ടും കേരളം എൽഡിഎഫിനെ 99 സീറ്റ് നൽകി വീണ്ടും വിജയിപ്പിച്ചു. മുഖ്യമന്ത്രിയുടെ ഈ വാക്കുകളിൽ സദസ്സിൽ ഹർഷാരവം.

എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും മതിയായ സുരക്ഷ ഉറപ്പാക്കുമെന്നും ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. കൊട്ടാരക്കരയിൽ യുവ ഡോക്ടറെ കൊലപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിൽ ആശുപത്രികളിൽ ആവശ്യമായ സുരക്ഷ ഒരുക്കുന്നതിനെക്കുറിച്ച് ഉന്നതതലയോഗം ചേർന്ന് ചർച്ചചെയ്തു. ആരോഗ്യപ്രവർത്തകർ ആശങ്കപ്പെടേണ്ട സാഹചര്യമില്ല. ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർ നടപടികളുണ്ടാകും. കേരളത്തിൽ പദ്ധതികളെല്ലാം സുതാര്യമായാണ് നടക്കുന്നതെന്നും സർക്കാരിന്റെ ഉത്തരവാദിത്വം ജനങ്ങളോടാണെന്നും മുഖ്യമന്ത്രി പറഞ്ഞു.



RNI Reg. No. 44790/90. Vol. XXXV No.126 Reg.No. KL/TV(N)/33/2018-20. Printed and Published by K J THOMAS On behalf of CPI(M) Kerala State Committee and Printed at P Krishna Pillai Memorial Printing and Publishing Co. (P) Ltd. Thampanoor, Thiruvananthapuram-695 001
Editor: Puthalath Dinesan (Responsible for selection of news under the PRB Act) Chief Editor: Puthalath Dinesan. Phone: 0471 2701800. Email: dbitvm@gmail.com, website: www.deshabhimani.com